"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - കാസറഗോഡ് വികസന പാക്കേജ് - സ്പെഷ്യൽ ഓഫീസറുടെ അന്യത്രസേവന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.285/2025/P&EA　　　　　തിരുവനന്തപുരം, 07-07-2025

---

പരാമർശം:-
1. സ.ഉ(സാധാ) നം.5/2019/ആസാവ തീയതി 04.02.2019.
2. സ.ഉ(കൈ) നം.15/2023/P&EA തീയതി 19.07.2023.
3. സ.ഉ(സാധാ) നം.1729/2024/GAD തീയതി 18.04.2024.
4. സ.ഉ(കൈ) നം.266/2024/P&EA തീയതി 25.07.2024.
5. കാസറഗോഡ് ജില്ലാ കളക്ടറുടെ 17.05.2025 ലെ DCKSGD/4542/2023-PAM/KDP നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസറഗോഡ് വികസന പാക്കേജിന്റെ നടത്തിപ്പിനായി പരാമർശം (1) പ്രകാരം ജോയിന്റ് സെക്രട്ടറി തലത്തിലുള്ള ഒരു താൽക്കാലിക സ്പെഷ്യൽ ഓഫീസർ തസ്തിക കാസറഗോഡ് കളക്ടറേറ്റിൽ സൃഷ്ടിച്ചിരുന്നു. പ്രസ്തുത തസ്തികയിൽ പരാമർശം (2) പ്രകാരം ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറിയായ ശ്രീ.ചന്ദ്രൻ. വി യെ അന്യത്രസേവന വ്യവസ്ഥയിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുകയും പരാമർശം (3) പ്രകാരം അഡീഷണൽ സെക്രട്ടറി തസ്തികയിലേക്ക് സ്ഥാനക്കയറ്റം ലഭിച്ചതിനെത്തുടർന്ന് ടിയാനെ പ്രസ്തുത തസ്തികയിൽ തുടരാൻ അനുവദിക്കുകയും ചെയ്തിരുന്നു.

2. പരാമർശം (4) പ്രകാരം ശ്രീ.ചന്ദ്രൻ.വി യുടെ അന്യത്രസേവന കാലാവധി 23.07.2025 ന് അവസാനിക്കുന്ന സാഹചര്യത്തിൽ, പാക്കേജിന്റെ സുഗമമായ നടത്തിപ്പിന് ടിയാളുടെ സേവനം അനിവാര്യമായതിനാൽ അന്യത്രസേവന കാലാവധി ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (5) പ്രകാരം കാസറഗോഡ് ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയായ ശ്രീ. ചന്ദ്രൻ വി യുടെ കാസറഗോഡ് വികസന പാക്കേജിലെ സ്പെഷ്യൽ ഓഫീസർ തസ്തികയിലുള്ള അന്യത്രസേവന കാലാവധി, കെ.എസ്.ആർ ഭാഗം I, ചട്ടം 140 (സി) - ലെ വ്യവസ്ഥകൾക്കും, അന്യത്രസേവനത്തിന് ബാധകമായ നിലവിലെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി, 24.07.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി (3-ാം തവണ) ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലതാകുമാരി.എം.ബി
അഡിഷണൽ സെക്രട്ടറി

ജില്ലാ കളക്ടർ, കാസറഗോഡ്
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ചീഫ്, അഗ്രികൾച്ചർ ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ആഡിറ്റ്), കേരള, തിരുവനന്തപുരം
സ്പെഷ്യൽ ഓഫീസർ, കാസർഗോഡ് വികസന പാക്കേജ്
ജില്ലാ പ്ലാനിംഗ് ഓഫീസർ, കാസറഗോഡ്
ധനകാര്യ വകുപ്പ് (12.06.2025 ലെ ഭരണം എ2/132/ 2023-ധന നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)
പൊതുഭരണ (സ്പെഷ്യൽ-ഇ) വകുപ്പ് (03.07.2025 ലെ SPL-E2/181/2025-GAD നമ്പർ കുറിപ്പ് പ്രകാരം)
വെബ് & ന്യൂ മീഡിയ (ഐ&പി. ആർ.ഡി)
സ്റ്റോക്ക് ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 08-07-2025 10:44:40

സെക്ഷൻ ഓഫീസർ